# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ഒന്നാം സെമസ്റ്റർ പരീക്ഷ

07.10.2018 **മാർക്ക് - 50**
10.30AM-12.30PM **STD - VIII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** 1x 5=5

1. ഇസ്രായേലിലെ ശക്തനായ പ്രവാചകൻ

   1. ഏലിയ 2. ജെറമിയ 3. സാമുവൽ

2. "എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്"

   1. ലൂക്ക 25.40 2. മത്താ 25.40 3. യോഹ 25.40

3. പ്രസിദ്ധനായ ഗമാലിയേലിന്റെ ശിഷ്യനും, തീക്ഷ്ണമതിയുമായ ഒരു ഫരിസേയൻ

   1. ബർണാബാസ് 2. സാവൂൾ 3. ശിമയോൻ

4. ദൈവപ്രമാണങ്ങളിലൂടെയും തിരുസഭയുടെ നിയമങ്ങളിലൂടെയും അധികാരികളുടെ നിർദേശങ്ങളിലൂടെയും നമ്മെ പ്രചോദിപ്പിക്കുന്നത്

   1. തിരുസഭ 2. പരിശുദ്ധാത്മാവ് 3. മാർപാപ്പ

5. മതബോധന ഗ്രന്ഥത്തിന്റെ 2267 -ാമത്തെ ഖണ്ഡികയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഫ്രാൻസിസ് പാപ്പ പഠിപ്പിക്കുന്നത് എന്ത്?

   1. ഗർഭഛിദ്രം അനുവദനീയമാണ് 2. വധശിക്ഷ അസ്വീകാര്യമാണ് 3. സ്വവർഗ്ഗവിവാഹം പാടില്ല

**B. പൂരിപ്പിക്കുക** 1x 5=5

6. "നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. ———അതിനെതിരെ പ്രബലപ്പെടുകയില്ല ———— ന്റെ താക്കോലുകൾ നിനക്കു ഞാൻ തരും." (മത്തായി 16, 18-19)
7. വിശ്വാസവും അനുസരണവും വഴി അബ്രാഹം ———— പ്രത്യുത്തരം നല്കി.
8. ദൈവഹിതം ജനങ്ങളെ അറിയിക്കുന്നവനാണ് ———, ദൈവത്തിനുവേണ്ടി അവൻ സംസാരിക്കുന്നു.
9. മാക്സ്മില്ല്യൻ കോൾബെ മാതൃഭക്തനായിരുന്നു. മാതൃദർശനത്തിൽ 2 കിരീടങ്ങൾ കൊടുത്തു ———— ന്റെയും ———————— ന്റെയും.
10. "അവരുടെ വിശ്വാസം കണ്ട് അവൻ പറഞ്ഞു. മനുഷ്യാ നിന്റെ ———— ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ലൂക്ക 5, 20)

## C. മൂന്നോ, നാലോ വാക്യത്തിൽ ഉത്തരം എഴുതുക 2X6=12

11. അൽമായർ തങ്ങളുടെ പ്രവാചകദൗത്യം എങ്ങനെയാണ് നിറവേറ്റുന്നത്?

12. സഭയുടെ അടിസ്ഥാന സ്വഭാവമാണ് പങ്കുവെയ്ക്കൽ. വി.കുർബാനയുമായ് ഇതെങ്ങനെ ബന്ധപ്പെടുന്നു.

13. ഈശോയെ സ്നേഹിക്കുന്നവൻ തിരുസഭയെ സ്നേഹിക്കുന്നു. വ്യക്തമാക്കുക.

14. കൂദാശകളും രക്ഷയും തമ്മിലുള്ള ബന്ധം എന്താണ്?

15. വിശ്വാസത്തിലേക്ക് നയിക്കാൻ സുവിശേഷപ്രഘോഷണം ആവശ്യമാണെന്ന് കാണിക്കുന്ന തിരുവചനങ്ങൾ ഏവ?

16. പ്രകാശത്തിന്റെ രഹസ്യങ്ങളിൽ അഞ്ചാമത്തേത് എഴുതുക.

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക.

4X2=8

17. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാകാനുള്ള വിളിയാണ് പ്രവാചകന്റേത്. വിശദമാക്കുക.

18. ക്രിസ്തീയ പങ്കുവെയ്ക്കൽ ഈശോയുടെ ജീവിതത്തിലും പ്രബോധനത്തിലും വേരൂന്നിയതാണ്. വിശദീകരിക്കുക

19. വിശ്വാസത്തിന്റെ 5 ഘടകങ്ങൾ.

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

20. ഒരിക്കൽ ഈശോ വഴിയരികിലൂടെ കടന്നുപോവുകയായിരുന്നു.അപ്പോൾ നിങ്ങളെ കണ്ടുമുട്ടി. ഈശോ ഇപ്രകാരം ചോദിച്ചു, 'ഞാൻ നിനക്കുവേണ്ടി എന്തു ചെയ്തുതരണമെന്നാണ് നീ ആഗ്രഹിക്കുന്നത്'- ഈ ചോദ്യത്തിന് പ്രളയാനന്തര ജീവിതസാഹചര്യങ്ങളെ മുൻനിറുത്തി ഈശോയ്ക്ക് എന്ത് മറുപടി നൽകും എന്ന് എഴുതുക.

21. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 32-33 15

# ഉത്തര സൂചിക എട്ടാം ക്ലാസ് ഒന്നാം സെമസ്റ്റർ

1. ജെറമിയ L8, Page-50,1st Paragraph
2. (മത്തായി 25:40.) L7, Page-48, Ormikan Oru Thiruvachanam
3. സാവൂൾ L5, Page-34,1st Paragraph
4. പരിശുദ്ധാത്മാവ് L4, Page-31,Last Paragraph
5. വധശിക്ഷ അസ്വീകാര്യമാണ് Sathyadheepam August Page-13
6. നരക കവാടങ്ങൾ, സ്വർഗരാജ്യത്തിന്റെ L3, Page-22, 1st Paragraph
7. ദൈവത്തിന് L1, Page-10,1ST
8. പ്രവാചകൻ L8, Page-51,1st Paragraph
9. രക്തസാക്ഷിത്വത്തിന്റെയും വിശുദ്ധിയുടെയും Upapadam L1,Page 6 2nd Paragraph
10. പാപങ്ങൾ (Luke 5:20 Bible)
11. കൂദാശകളുടെ സ്വീകരണം വഴി ശക്തി പ്രാപിച്ചും വിശ്വാസപ്രേരിതമായ ജീവിതം നയിച്ചും മാതൃകയാലും വചനത്താലും സുവിശേഷം പ്രചരിപ്പിച്ചുമാണ് അൽമയർ തങ്ങളുടെ പ്രവാചക ദൗത്യം നിർവഹിക്കേണ്ടത്(Lesson 8. Page 53)
12. വിശുദ്ധ കുർബാനയിൽ മുറിച്ചു നൽകുന്ന അപ്പവും പങ്കുവയ്ക്കപ്പെടുന്ന പാനീയവും ആരാധനസമൂഹത്തിനു കർമ്മമണ്ഡലങ്ങളിൽ സ്വയം മുറിച്ചു വിളമ്പാനുള്ള ആഹ്വാനമാണ് നൽകുന്നത്. ഈശോയുടെ ബലിയിൽ പങ്കു ചേരുന്ന നമ്മളും പങ്കുവയ്ക്കാൻ തയ്യാറാകണം (Lesson 7, Page 47)
13. സഭയെ യാഥർത്ഥത്തിൽ സ്നേഹിക്കണമെങ്കിൽ സഭയിൽ മിശിഹായെ കാണാൻ നാം പഠിക്കണം. മിശിഹായാണ് സഭയിൽ ജീവിക്കുന്നത്. സഭയിലൂടെയാണ് മിശിഹാ നമ്മെ പഠിപ്പിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നത്(Lesson 5, Page 37)
14. മിശിഹാ പ്രദാനം ചെയ്ത പാപമോചനത്തിൻറെയും രക്ഷയുടെയും ഫലം സ്വന്തമാക്കാനും അനുഭവിക്കാനുമുള്ള ഉപാധികളാണ് കൂദാശകൾ. പരിശുദ്ധാത്മാവിൻറെ കൃപാവരത്താൽ പാപമോചനവും ദൈവീകജീവനും നൽകി രക്ഷയുടെ അനുഭവത്തിലേക്ക് കൂദാശകൾ നമ്മെ നയിക്കുന്നു. തിരുവചനത്തിലൂടെയും സഭ പരികർമ്മം ചെയ്യുന്ന കൂദാശകളിലൂടെയുമാണ് ഈ രക്ഷ നമുക്കു ലഭിക്കുന്നത് (Lesson 2, Page 20)
15. ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും ? അയക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും? (റോമ 10 :14) (Lesson 3, Page 24)
16. നമസ്കാരങ്ങൾ, പേജ് 20
17. സമൂഹത്തിലെ തിന്മകളെ അകറ്റാനും ആത്മാവിലുള്ള ജീവിതത്തിൻറെ രുചി പകരാനുമുള്ള പ്രവാചകദൗത്യമാണ് സഭയിൽ നമുക്കുള്ളത്. ധാർമ്മികാധഃപതനം, കാപട്യം, വഞ്ചന തുടങ്ങിയ തിന്മകൾക്കടിപ്പെട്ടു അന്ധകാരത്തിലായിരിക്കുന്ന മനുഷ്യർക്ക് ഈശോയുടെ പ്രകാശം പകരാൻ കടപ്പെട്ട പ്രവാചകരാണ് ക്രൈസ്തവർ (വിശദീകരണം പുസ്തകം കാണുക Lesson 8, Page 52).
    ഒരു പേജിൽ കുറയാതെ എഴുതാൻ ആവശ്യപെട്ടിട്ടുള്ളതുകൊണ്ടു കുട്ടിയുടെ സ്വന്തം ആശയം കൂടി എഴുതുന്നുണ്ടോ എന്ന് നോക്കി മാർക്ക് ഇടുന്നത്തിനു ശ്രദ്ധിക്കുക
18. പങ്കുവയ്ക്കൽ ഈശോയുടെ ജീവിതത്തിലും പ്രബോധനത്തിലും (Lesson 7, Page 45)
19. വിശ്വാസത്തിൻറെ അഞ്ചു ഘടകങ്ങൾ (Lesson 3, Page 24)

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ഒന്നാം സെമസ്റ്റർ പരീക്ഷ

05.11.2017 | മാർക്ക് - 50
10.30 am - 12.30 pm **STD - VIII** സമയം - 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. 'നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും'.
   1. ഏശയ്യ 19:5  2. നിയമാവർത്തനം 19:5  3. പുറപ്പാട് 19:5
2. ആരുടെ സന്താന പരമ്പരയാണ് ഇസ്രായേൽ എന്നറിയപ്പെടാൻ ഇടയായത്.
   1. മോശ  2. യാക്കോബ്  3. അബ്രാഹം
3. 'തിരിച്ചുവരവ്' എന്നർത്ഥം വരുന്ന പദം ഏത്?
   1. കൊയിനോനിയ  2. മെത്തനോയിയ  3. ഡിയാക്കോനിയ
4. ലോകത്തിൽ ദൈവരാജ്യം വളർത്താൻ ഈശോ നിക്ഷേപിച്ച പുളിമാവ്
   1. പുരോഹിതർ  2. പ്രവാചകർ  3. ക്രൈസ്തവർ
5. പരിശുദ്ധാരുപിയുടെ ദാനങ്ങളിൽ പെടാത്തത് എടുത്ത് എഴുതുക.
   1. ആത്മശക്തി  2.സ്നേഹം  3. ദൈവഭയം

**B. പൂരിപ്പിക്കുക** **1x 5=5**

6. സഭയിലൂടെയാണ് ------------- നമ്മെ പഠിപ്പിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നത്.
7. സാബത്തിൽ ------------- ചെയ്യുന്നതോ തിന്മ ചെയ്യുന്നതോ, ------------- രക്ഷിക്കുന്നതോ, നശിപ്പിക്കുന്നതോ ഏതാണ് നിയമാനുസൃതം?
8. മാമ്മോദീസ സ്വീകരിച്ച് സഭാമക്കളായിത്തീരുന്ന ഓരോ വ്യക്തിക്കും ലഭിക്കുന്ന പ്രത്യേക വിളിയാണ് -------------
9. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് ------------- ഈ പ്രത്യുത്തരം ------------- പ്രകടമാക്കുന്നത്.
10. ഒൻപതാമത് ലോകകുടുംബ സമ്മേളനം 2018 ൽ നടക്കുന്ന സ്ഥലം ---------

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **6x 2=12**

11. സഭ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന രണ്ടു ദൈവചന ഭാഗങ്ങൾ എഴുതുക.

12. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പെസഹാകുഞ്ഞാട് - സാമ്യവും വ്യത്യാസവും എഴുതുക.

13. പരിശുദ്ധാത്മാവ് സഭയെ പണിതുയർത്തുന്നതെങ്ങനെ?

14. ആദിമസഭയുടെ പ്രബോധനത്തെക്കുറിച്ച് എഴുതുക.

15. ജീവിതത്തിൽ ത്യാഗങ്ങൾ ഏറ്റെടുക്കാൻ വി. മാക്സ്മില്യൻ കോൾബെയുടെ ജീവിതം നിങ്ങളെ എപ്രകാരം പ്രചോദിപ്പിക്കുന്നു?

16. സുവിശേഷഭാഗ്യങ്ങൾ എത്ര? നാലെണ്ണം എഴുതുക.

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക.

**4x 2=8**

17. സഭയുടെ പ്രേഷിത ദൗത്യം ഏതെല്ലാം വിധത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. ഈ ദൗത്യത്തിൽ നിങ്ങൾക്ക് എങ്ങിനെ പങ്കാളിയാകാൻ സാധിക്കും.

18. സഭയുടെ പ്രവാചക ദൗത്യം ക്രൈസ്തവർ എങ്ങിനെയാണ് നിർവ്വഹിക്കേണ്ടത്. നിങ്ങളുടെ സാഹചര്യത്തിൽ ഇതിൽ ഏത് ദൗത്യമായിരിക്കും നിങ്ങൾ ഏറ്റെടുക്കുക.

19. വിശ്വാസത്തിന്റെ അഞ്ചു ഘടകങ്ങൾ ഏതെല്ലാം? നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ പ്രത്യേകമായി സ്വായത്തമാക്കിക്കൊണ്ടിരിക്കുന്ന ഘടകങ്ങൾ ഏതെന്ന് എഴുതുക.

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക **1x 5=5**

20. 'നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ?' (1 കൊറി 6, 19). നവമാധ്യമങ്ങളും അശ്ലീലപരസ്യങ്ങളും കൗമാരക്കാരുടെ ജീവിതത്തിൽ ഉയർത്തുന്ന ദു:സ്വാധീനങ്ങളെ (ഉദാ. ലൈംഗീകാതിക്രമം, ലഹരിയുടെ ഉപയോഗം, സ്ത്രീകളോടുള്ള അപമര്യാദ) നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു. നിങ്ങളുടെ വേദപാഠക്ലാസ്സുകളുടെ വെളിച്ചത്തിൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിശദീകരിക്കുക.

21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 27 - 28 15

# എട്ടാം ക്ലാസ്സ് - ഉത്തരങ്ങൾ
# ഒന്നാം സെമസ്റ്റർ പരീക്ഷ - നവംബർ 05, 2017

**A.ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **(1x5)**

1. 2/18 (1st Para) പുറപ്പാട് 19:5
2. 1/10 (2nd Para) യാക്കോബ്
3. 3/25 (2nd Para) മെത്തനോയിയ
4. 8/52 (3rd Para) ക്രൈസ്തവർ
5. Namaskarangal page 15, no. 26. സ്നേഹം

**B. പൂരിപ്പിക്കുക.** **(1x5)**

6. 5/37 (2nd Para) മിശിഹ
7. Mark-3:4 നന്മ, ജീവൻ
8. 8/53 (2nd Para) പ്രവാചക ദൗത്യം
9. 3/23 (2nd Para) വിശ്വാസം, സ്നേഹസമർപ്പണത്തിലൂടെയാണ്
10. Sathyadeepam 2017Aug 17-23 അയർലണ്ട്

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **(2x6)**

11. 1/13 (last Para) "തന്റെ മുൻപാകെ-----" (എഫേ 1:4-5); "ദൈവത്തിന്റെ ......" (കൊളോ 3:12); "നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട....." (1 പത്രോസ് 2:9)

12. 2/17 വരാനിരിക്കുന്ന രക്ഷയുടെ മുന്നനുഭവമായിരുന്നു ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള ഇസ്രായേലിന്റെ വിമോചനം. ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാടായ മിശിഹായുടെ പ്രതീകമായിരുന്നു പഴയനിയമത്തിലെ പെസഹാകുഞ്ഞാട്. ആ കുഞ്ഞാടിന്റെ രക്തം ഇസ്രായേൽ ഭവനത്തിന്റെ കട്ടിളപ്പടികളിൽ തളിക്കപ്പെട്ടപ്പോൾ അത് ഫറവോയുടെ അടിമത്തത്തിൽ നിന്ന് രക്ഷ നേടുന്നതിനുള്ള അടയാളമായിതീർന്നു. ദൈവത്തിന്റെ കുഞ്ഞാടായ മിശിഹാ സ്വന്തം രക്തത്താൽ മനുഷ്യവർഗ്ഗത്തിന് രക്ഷ നൽകാൻ നിശ്ചയിക്കപ്പെട്ടവനായിരുന്നു. പിതാവിന്റെ ഏകജാതന്റെ രക്തം മനുഷ്യവർഗത്തെ പാപത്തിൽനിന്നു മോചിച്ചു.

13. 4/30 (2nd Para) പരിശുദ്ധാത്മാവിനാൽ മിശിഹായിൽ പണിതുയർത്തപ്പെട്ട ദൈവത്തിന്റ ആലയമാണ് സഭ. വിവിധ ദാനങ്ങളും വരങ്ങളും ഫലങ്ങളും നൽകികൊണ്ടാണ് സഭയെ പണിതുയർത്തുന്നത്. വിവിധ ദാനങ്ങളാണ് ഓരോരുത്തർക്കും നൽകപ്പെട്ടിരിക്കുന്നത്. പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് നൽകുന്ന ഫലങ്ങൾ പൗലോസ് ശ്ലീഹ പറയുന്നുണ്ട്. ഇവയെല്ലാം നൽകുന്നത് സഭയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും പണിതുയർത്തുന്നതിനും വേണ്ടിയാണ്.

14. 7/46 (2nd Para) മിശിഹായുടെ മാതൃകയനുസരിച്ച് നാം ഔദാര്യമുള്ളവരാകണം. ദരിദ്രർക്കുള്ള ധനസഹായം, ദാനധർമ്മം - പൗലോസ് ശ്ലീഹായുടെ പ്രബോധനം. സന്തോഷപൂർവ്വം കൊടുക്കുക. വിശ്വാസം പ്രവൃത്തിയിലൂടെ തെളിയിക്കണം. അപ്പം മുറിക്കൽ വേള പാവങ്ങളോടുള്ള പങ്കുചേരലിനുള്ള അവസരം കൂടിയാണ്.

15. Saints ഇരുട്ടിൽ വെളിച്ചം പരത്തിയ ധന്യാത്മാവാണ് വി. മാക്സ്മില്യൻ കോൾബെ. മാതാവിനോടുള്ള പ്രത്യേക ഭക്തി അദ്ദേഹത്തിനുണ്ടായിരുന്നു. ക്ഷയരോഗം ബാധിച്ച അവസരത്തിൽ പഠനവും ചിന്തയുമായി അദ്ദേഹം സമയം ചിലവഴിച്ചു. ശാരീരികമായി അത്ര നല്ല അവസ്ഥയിൽ അല്ലായിരുന്നെങ്കിലും മാതൃഭക്തി പരത്താൻ പ്രേഷിത യാത്രകൾ നടത്തി. അറിവിന്റെയും അദ്ധ്വാനത്തിന്റെയും ഇടയിൽ ആത്മീയത പരിശീലിച്ച വിശുദ്ധനാണ് കോൾബെ. വി. കോൾബെയും കൂട്ടരെയും അറസ്റ്റ് ചെയ്ത് തടങ്കലിലാക്കി. കഠിനമായ തടവുകാലത്തിലും മാക്സ്മില്യൻ സഹതടവുകാരെ ആശ്വസിപ്പിച്ചു. അവശതകൾ മറന്നും സഹജരെ സഹായിച്ചു.. പട്ടിണിക്കിട്ടു കൊല്ലാൻ തീരുമാനിക്കപ്പെട്ട ഗയോണിഷെകിനു പകരം മാക്സ്മില്യൻ മരിക്കാൻ തയ്യാറായി. അപരനുവേണ്ടി സ്വന്തം ജീവൻ സമർപ്പിച്ചു.

16. Namaskarangal page 14, no. 20 എട്ട്. ഏതെങ്കിലും നാലെണ്ണം എഴുതിയാൽ മതി.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. മിനിമം അരപേജ് ഉണ്ടായിരിക്കണം. വിശദീകരണത്തേക്കാളുപരി. പ്രധാനപ്പെട്ട ആശയങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുക.** (4x**2**)

17. 9/56 (2nd Para) ഈശോ ലോകത്തിന്റെ രക്ഷകനാണ് എന്ന സത്യം എല്ലാവരെയും അറിയിക്കുക, എല്ലാവരെയും രക്ഷയിലേക്ക് ആനയിക്കുക. സഭ ഈ ദൗത്യം മൂന്നു വിധത്തിൽ നിർവ്വഹിക്കുന്നു.

1. മിശിഹായെ ഒരിക്കലും അറിയുകയോ, കേൾക്കുകയൊ ചെയ്തിട്ടില്ലാത്തവരോടുള്ള സുവിശേഷ പ്രഘോഷണം 2. മിശാഹായിലുള്ള വിശ്വാസത്തിലൂടെ രക്ഷയിലേക്ക് കടന്നുവന്നവരെ വിശ്വാസ രഹസ്യങ്ങളിൽ ആഴപ്പെടുത്താനുള്ള സുവിശേഷപ്രബോധനം 3. മിശിഹായെ അിറഞ്ഞ് അവിടുന്നിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചവരെങ്കിലും വിശ്വാസജീവിതം ക്ഷയിച്ചു പോയ ക്രിസ്ത്യാനികളുടെ പുനർസുവിശേഷവൽക്കരണം. കുട്ടിയുടെ വ്യക്തിപരമായ വിചിന്തനം ഉണ്ടോയെന്നും പരിശോധിക്കുക.

18. 8/51-52 ആദിമ ക്രൈസ്തവ സമൂഹം പരിശുദ്ധാത്മാവിനെ സ്വീകരിച്ചപ്പോൾ പ്രവാചകജനമായി മാറി. മാമ്മോദീസായിലൂടെയും തൈലാഭിഷേകത്തിലൂടെയും പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന സഭാ മക്കളും പ്രവാചകജനമായി തീരുന്നു. മിശിഹായുടെ സാക്ഷികളാകുക എന്നതാണ് പ്രവാചക ദൗത്യം. സമൂഹത്തിലെ തിന്മകളെ അകറ്റാനും ആത്മാവിലൂള്ള ജീവിതത്തിന്റെ രുചി പകരാനുമുള്ള പ്രവാചക ദൗത്യം (ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും); ദൈവഹിതത്തിനും ദൈവരാജ്യമൂല്യങ്ങളായ സത്യം, സ്നേഹം എന്നിവയ്ക്ക് സാക്ഷ്യം വഹിക്കണം (പുളിമാവ്); അസത്യത്തിനും അനീതിക്കുമെതിരെ പടപൊരുതി സത്യത്തിനും നീതിക്കും സ്നേഹത്തിനും സാക്ഷ്യം വഹിച്ച് ലോകമന:സാക്ഷിയായി സഭ മാറണം.

19. 3/24 ദൈവഹിതത്തിന് തന്നെതന്നെ സമ്പൂർണ്ണമായി ,സമർപ്പിക്കുന്നതാണ് യഥാർത്ഥ വിശ്വാസം. വിശ്വാസത്തിന്റെ അഞ്ചു ഘടകങ്ങൾ - 1. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരം 2. ദൈവം വെളിപ്പെടുത്തിയ കാര്യങ്ങളുടെ പൂർണ്ണമായ സ്വീകരണം 3. മനുഷ്യന്റെ പരിപൂർണ്ണമായ അനുസരണവും സമർപ്പണവും 4. വിശ്വസിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതും ശക്തിപ്പെടുത്തുന്നതും ദൈവമാണെന്നുള്ള ബോധ്യം 5. വിശ്വാസം മനുഷ്യന്റെ പ്രത്യുത്തരമായിരിക്കുന്നതോടൊപ്പം ദൈവത്തിന്റെ സൗജന്യ ദാനമാണെന്നുള്ള അവബോധം

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **(5x1)**

20. കുട്ടികളുടെ ഉത്തരത്തിൽ വിശ്വാസ പരിശീലനത്തിന്റെ വെളിച്ചത്തിലുള്ള വിചിന്തനങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുക. ക്രൈസ്തവമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ടോയെന്നും നോക്കുക.

21. ഇന്റേണൽ അസ്സസ്സ്മെന്റ് (10 +5 = 15)

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**6 - 11 - 2016** **മാർക്ക് – 50**

**10.30 am - 12.30 pm** **STD - VIII** **സമയം – 2 മണിക്കൂർ**

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള ചോദ്യവിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **1x5=5**

1. മനുഷ്യരക്ഷ പൂർത്തിയാക്കാൻ ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹം?
2. ആവശ്യക്കാരനെ സഹായിച്ചുകൊണ്ട് നമ്മുടെ വിശ്വാസം പ്രവൃത്തിയിലൂടെ തെളിയിക്കണം എന്നു നമ്മെ പഠിപ്പിക്കുന്ന ശ്ലീഹാ?
3. രോഗവിമുക്തനായി എന്നു കണ്ട് ദൈവത്തെ സ്തുതിച്ചുകൊണ്ടു തിരിച്ചുവന്ന് നന്ദിപറഞ്ഞ കുഷ്ഠരോഗി ആരായിരുന്നു?
4. വി. മാക്സിമില്യൻ കോൾബെയുടെ തിരുനാൾ ദിനം?
5. അനുഗ്രഹത്തിന്റെ അഥവാ കാരുണ്യത്തിന്റെ ജലം അറിയപ്പെടുന്നത്?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **1x5=5**

6. സുവിശേഷമനുസരിച്ച് ജീവിക്കാനും അത് പ്രഘോഷിക്കാനും നമ്മെ പ്രാപ്തരാക്കുന്ന കൂദാശ?
   (മാമ്മോദീസാ, തൈലാഭിഷേകം, തിരുപ്പട്ടം)
7. പത്തു കുഷ്ഠരോഗികളുടെ സൗഖ്യത്തെപറ്റി പരാമർശിച്ചിരിക്കുന്ന സുവിശേഷഭാഗം?
   (ലൂക്കാ. 17:11–19, ലൂക്കാ. 7:11–19, ലൂക്കാ. 19:11–19)
8. കർത്താവിന്റെ കാരുണ്യം അനന്തമാണ് എന്ന് പ്രഘോഷിക്കുന്ന സങ്കീർത്തനം?
   (സങ്കീർത്തനം 137, സങ്കീർത്തനം 136, സങ്കീർത്തനം 138)
9. നിസ്വാർത്ഥസേവനത്തിനായി തങ്ങളെത്തന്നെ സമർപ്പിച്ച് അഗതി ശുശ്രൂഷ ചെയ്യുവാൻ മനസ്സുള്ള പെൺകുട്ടികൾക്കായി വി. വിൻസന്റ് സ്ഥാപിച്ച സന്യാസിനീ സഭ?
   (മിഷനറീസ് ഓഫ് ചാരിറ്റി, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി, ഡോട്ടേഴ്സ് ഓഫ് മേരി)
10. അടുത്ത ആഗോള യുവജന സംഗമത്തിനു വേദിയാകുന്ന സ്ഥലം?
    (അമേരിക്കയിലെ പനാമ, ജപ്പാനിലെ ടോക്കിയോ, പോളണ്ടിലെ ക്രാക്കോവ്)

**ദൈവവചനം എഴുതുക** **1¼x2=2½**

11. യോഹ. 14:23 ഈശോ പറഞ്ഞു: ‘‘എന്നെ....
12. മർക്കോ. 16:15. ‘‘നിങ്ങൾ.....

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½x2=5**

13 ശരിയോ തെറ്റോ എന്നെഴുതി, തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.

a. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് സ്നേഹം.
b. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണെങ്കിൽപോലും ദൈവം അരുളിച്ചെയ്ത കാര്യങ്ങൾ നടപ്പാകുമെന്ന ഉറപ്പാണ് പ്രത്യാശയുടെ അടിസ്ഥാനം.
c. ദൈവത്തിന്റെ അത്യുത്തമ വെളിപാടാണ് ഈശോ.
d. സഭാകൂട്ടായ്മയിലേക്ക് ഒരാൾ പ്രവേശിക്കുന്നതു തൈലാഭിഷേകം എന്ന കൂദാശയിലൂടെയാണ്.
e. ജറുസലേമിൽ വച്ച് ഈശോ ശ്ലീഹന്മാരോടു ചോദിച്ചു: ‘‘ഞാൻ ആരാണെന്നാണു ജനങ്ങൾ പറയുന്നത്?

14. പ്രവാചകദൗത്യം എന്നാൽ എന്ത്? അല്മായർ തങ്ങളുടെ പ്രവാചകദൗത്യം എങ്ങനെയാണ് നിറവേറ്റുന്നത്?

15. താഴെ തന്നിരിക്കുന്നവയോടു ചേരുന്നവ ബോക്സിൽ നിന്നു തെരഞ്ഞെടുത്ത് എഴുതുക.

a. സഭയാകുന്ന ശരീരത്തിന്റെ ശിരസ്.

b. ''അപരനു നന്മ ചെയ്യാൻ പറ്റാത്ത ദിവസം നിന്റെ ആയുസിന്റെ കണക്കിൽ കൂട്ടേണ്ടതില്ല.''

c. ''നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്.''

d. സഭയുടെ പ്രാദേശിക ഘടകം

e. പ്രസിദ്ധനായ റബ്ബി ഗമാലിയേലിന്റെ കീഴിൽ ശിക്ഷണം നേടിയ ആൾ.

വി. അൽഫോൻസാമ്മ, മിശിഹാ, ഇടവക, സാവൂൾ, 1 കോറി. 12:27,
ദൈവം, 1 കോറി. 12:11, വി. ചാവറയച്ചൻ, യോഹന്നാൻ

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½ x 1=2 ½**

16. വിശുദ്ധനെ തിരിച്ചറിഞ്ഞ് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതി വിശുദ്ധന്റെ ജീവിതരേഖ പൂർത്തിയാക്കുക. വിശുദ്ധൻ....................................



| ജനനം | പൗരോഹിത്യ സ്വീകരണം | വിശുദ്ധനായി പ്രഖ്യാപനം | സന്ദേശം |
|---|---|---|---|
| ......................... | ......................... | ......................... | ......................... |

17. അധ്വാനത്തിലെ ആത്മീയത വി. മാക്സിമില്യൻ തന്റെ ജീവിതത്തിൽ നിറവേറ്റിയതെങ്ങനെ? വിശദമാക്കുക

**നമസ്ക്കാരങ്ങൾ**

18. മനഃസ്താപപ്രകരണം എഴുതുക. **2**

19. ദൈവകല്പനകൾ പത്ത് എഴുതുക. **3**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. പഴയനിയമ പൗരോഹിത്യവും ഈശോയുടെ പൗരോഹിത്യവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കി, പുരോഹിതജനമായ നമ്മൾ എങ്ങനെ പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കണം എന്നു 'സഭ : പുരോഹിതജനം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

21. ദൈവത്തിന്റെ ജനം രൂപം കൊണ്ടതിൽ അബ്രാഹത്തിന്റേയും യാക്കോബിന്റേയും പങ്ക് 'സഭ : ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക

**പൊതുചോദ്യം** **5x1=5**

22. ''കരുണയായ് സാക്ഷ്യമേകാൻ'' എന്ന മതബോധന ആപ്തവാക്യത്തെ അടിസ്ഥാനമാക്കി രണ്ടു പേജിൽ കവിയാത്ത ഒരു പ്രസംഗം തയ്യാറാക്കുക.

**23. ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**06 - 11 - 2016** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

**ഉത്തരസൂചിക**

## STD - VIII

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. സഭ – 1/13
2. യാക്കോബ് ശ്ലീഹാ – 7/46
3. സമരിയാക്കാരനായിരുന്നു – ലൂക്ക. 17/16
4. ആഗസ്റ്റ് 14 – വിശുദ്ധരെ അറിയാൻ – 1/15
5. ഹന്നാൻ വെള്ളം – സത്യദീപം ആഗസ്റ്റ് 18-24/2016

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **1x5=5**

6. തൈലാഭിഷേകം – 4/32
7. ലൂക്കാ 17:11-19
8. സങ്കീർത്തനം 136
9. സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി – വിശുദ്ധരെ അറിയാൻ 2/23
10. അമേരിക്കയിലെ പനാമ – സത്യദീപം ആഗസ്റ്റ് 4-10/2016

**ദൈവവചനം എഴുതുക** **1¼x2=2½**

11. 2/20. ''എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും.'' (യോഹ. 14:23)
12. 9/59. ''നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.'' (മർക്കോ 16:15)

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½x2=5**

13. ശരിയോ തെറ്റോ എന്നെഴുതി, തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
    (a) തെറ്റ് -വിശ്വാസം - 3/23, (b) തെറ്റ് - വിശ്വാസത്തിന്റെ - 3/23, (c) ശരി - 3/23, (d) തെറ്റ് - മാമ്മോദീസ 3/26, (e) തെറ്റ് - കേസറിയ ഫിലിപ്പിയിൽ 3/22
14. 8/53
15. 5/35-37. (a) മിശിഹാ (b) വി. ചാവറയച്ചൻ (c) 1 കോറി. 12:27 (d) ഇടവക (e) സാവൂൾ

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½ x 1=2 ½**

16. വിശുദ്ധരെ അറിയാൻ 2/25
17. വിശുദ്ധരെ അറിയാൻ 1/12

**നമസ്ക്കാരങ്ങൾ**

18. നമസ്ക്കാരങ്ങൾ പേജ്- 12 **2**
19. നമസ്ക്കാരങ്ങൾ പേജ്- 9-10 **3**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. 6/40,41
21. 1/10, 11

22. പൊതുചോദ്യം – പ്രസംഗം തയ്യാറാക്കുക. 5x1=5

23. ഇന്റേണൽ അസ്സെസ്സ്മെന്റ് 15

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചന ദീപം പേജ് 25 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഇന്റേണൽ അസ്സെസ്സ്മെന്റ് 15 ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുക ളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡ ങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 25 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്‌ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**01 - 11 - 2015** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

## STD - VIII

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. ''നാം പലരാണെങ്കിലും മിശിഹായിൽ ഏകശരീരമാണ്. എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ്.'' ഏതു ലേഖനത്തിലാണ് വി. ശ്ലീഹാ ഇപ്രകാരം പറയുന്നത്?
2. മാർത്തോമ്മാനസ്രാണികളുടെ സഭാജീവിതശൈലിയുടെ ആകെത്തുകയെ വിളിച്ചിരുന്ന പേരെന്ത്?
3. ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് (മർക്കോ 8:29) എന്ന ചോദ്യത്തിന് പത്രോസ് പറഞ്ഞ മറുപടി എന്ത്?
4. ''നിങ്ങൾ വിശുദ്ധിയിൽ ജീവിച്ചാൽ, ജനങ്ങൾ നിങ്ങളിൽ ദൈവസാന്നിദ്ധ്യം ദർശിക്കും.'' ഇപ്രകാരം പറഞ്ഞതാര്?
5. മാണ്ഡ്യ രൂപതയുടെ പുതിയ മെത്രാൻ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**


6. ''എന്റെ വാക്കു കേൾക്കുകയും എന്റെ കല്പന പാലിക്കുകയും ചെയ്താൽ നിങ്ങൾ എന്റെ സ്വന്തം ജനമായിരിക്കും.'' ബൈബിളിലെ ഏതു പുസ്തകത്തിൽ നിന്ന്?
(ഉൽപത്തി, പുറപ്പാട്, ലേവ്യർ)
7. വി. മർക്കോസിന്റെ സുവിശേഷത്തിൽ ഏതു അധ്യായത്തിലാണ് യേശുവിന്റെ രൂപാന്തരീകരണത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത്?
(വി. മർക്കോസ് 11, വി. മർക്കോസ് 10, വി. മർക്കോസ് 9)
8. ''ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ.'' (മർക്കോസ് 10:47) എന്നു വിളിച്ചു പറഞ്ഞതാര്?
(കുഷ്ഠരോഗി, തിമേയൂസ്, ബർതിമേയൂസ്)
9. മാക്സിമില്യൻ കോൾബെയെ രക്തസാക്ഷിയായ വിശുദ്ധനായി പ്രഖ്യാപിച്ച മാർപ്പാപ്പ?
(പോൾ ആറാമൻ മാർപ്പാപ്പ, ക്ലമന്റ് 22-മൻ മാർപ്പാപ്പ, ജോൺ പോൾ 2-മൻ പാപ്പ)
10. പരിസ്ഥിതി സംരക്ഷണത്തിനായി ഫ്രാൻസീസ് മാർപ്പാപ്പ സ്ഥാപിച്ച ലോക പ്രാർത്ഥനാദിനം?
(സെപ്തംബർ 5, സെപ്തംബർ 1, സെപ്തംബർ 8)

**ദൈവവചനം എഴുതുക** **2½**

11. മത്തായി. 5:16. ''മനുഷ്യർ......
12. എഫേസോസ് 1.:4. ''തന്റെ മുമ്പാകെ.......

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

13. വിശ്വാസത്തിന്റെ ഘടകങ്ങൾ എഴുതുക.
14. സഭ തന്റെ പ്രേഷിതദൗത്യം ഏതൊക്കെ വിധങ്ങളിലാണ് നിർവഹിക്കുന്നത്? സീറോ മലബാർ സഭയുടെ പ്രേഷിത ദൗത്യത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന കേരളത്തിനു പുറത്തുള്ള ഇന്ത്യയിലെ മിഷൻ രൂപതകളിൽ ഏതെങ്കിലും നാലെണ്ണത്തിന്റെ പേരുകൾ എഴുതി പദസൂര്യൻ തയ്യാറാക്കുക.



15. ശരിയോ തെറ്റോ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.

a. മാമ്മോദീസായിലൂടെ ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേർന്നവരാണ് ക്രിസ്ത്യാനികൾ.

b. ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് പ്രത്യേകം വിളിക്കപ്പെട്ടവരൊഴിച്ച് ബാക്കി എല്ലാവരും തങ്ങളുടെ രാജകീയ പൗരോഹിത്യശുശ്രൂഷ നിർവഹിക്കേണ്ടവരാണ്.

c. ഈശോ നിത്യരക്ഷ സാധിച്ചത് കോലാടുകളുടേയോ കാളക്കിടാങ്ങളുടേയോ രക്തത്തിലൂടെയല്ല, സ്വന്തം ശരീരത്തിലൂടെയാണ് (ഹെബ്രാ. 19:12)


d. ശുശ്രൂഷാപരമായ പൗരോഹിത്യമുള്ള ആൾ സഭാസമൂഹത്തെ ശുശ്രൂഷിക്കുകയും നയിക്കുകയും ഭരിക്കുകയും ചെയ്യുന്നു.

e. ഇസ്രായേൽ ജനത്തിന്റെ ശുദ്ധീകരണത്തിനായി ബലിയർപ്പിക്കുവാൻ ദൈവം അഹറോനെയും ദാവീദിനെയും തെരഞ്ഞെടുത്തു.

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**


16. ഓരോ വിശുദ്ധരുടേയും ജീവിതവുമായി ബന്ധപ്പെട്ടവ തെരഞ്ഞെടുത്ത് ബോർഡിൽ എഴുതുക.




| | |
|---|---|
| പോൾ 6-ാമൻ മാർപ്പാപ്പ | 1894 ജനുവരി 8 |
| ദി ലിറ്റിൽ ഡെയ്‌ലി | 2003 ഒക്ടോബർ 19 |
| കുടുംബദീപം | സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി |
| വാ. ഫ്രെഡറിക് ഓസാനം | പോളണ്ട് |
| വി. ഫ്രാൻസിസ് സാലസ് | പബിയാനിസ് |
| വി. ഡോൺ ബോസ്കോ | ഫ്രാൻസ് |
| മിഷൻ സഭ | ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പ |

17. ചിത്രത്തിൽ കാണുന്ന വിശുദ്ധരെ തിരിച്ചറിഞ്ഞ് ഉത്തരങ്ങൾ പൂർത്തിയാക്കുക.

| വിശുദ്ധർ | വിശുദ്ധരായി പ്രഖ്യാപനം | തിരുനാൾ ദിനം | സന്ദേശം |
|---|---|---|---|
|  | | | |
|  | | | |

**നമസ്കാരങ്ങൾ** **5**

18. കാരുണ്യപ്രവൃത്തികളിൽ ആധ്യാത്മികങ്ങൾ ഏഴിൽ ഏതെങ്കിലും അഞ്ചെണ്ണം എഴുതുക.

19. ഉയിർപ്പുകാല ത്രിസന്ധ്യാജപം എഴുതുക.

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

20. ഈശോയുടെ ജീവിതത്തിലും പ്രബോധനത്തിലും പ്രാവർത്തികമാക്കിയ പങ്കുവയ്ക്കൽ ആദിമ സഭയിലെ പങ്കുവയ്ക്കലിലും പ്രബോധനത്തിലും പ്രാവർത്തികമാക്കിയതെങ്ങനെയെന്ന് വിശദീകരിച്ചുകൊണ്ട് നമുക്കും എങ്ങനെ പങ്കുവയ്ക്കുന്ന സഭയെ ലോകത്തിൽ പ്രതിഫലിപ്പിക്കാൻ കഴിയുമെന്ന് 'സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

21. പരിശുദ്ധാത്മാവിനാൽ ജന്മം കൊള്ളുകയും നിരന്തരം ആ ആത്മാവിനാൽ നയിക്കപ്പെടുകയും ചെയ്യുന്ന സമൂഹമാണ് തിരുസഭയെന്നും, ആ ആത്മാവിനാൽ നയിക്കപ്പെടാൻ നാം എന്തു ചെയ്യണമെന്നും 'സഭ ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം' എന്ന പാഠത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക (പൊതുചോദ്യം)** **5**

22. ആധുനിക സമൂഹം നേരിടുന്ന ഏറ്റവും വലിയ സമൂഹ്യതിന്മയാണ് ലഹരിവസ്തുക്കളുടെ ഉപയോഗം. ലഹരി മാഫിയ ഇതിന്റെ ഏജന്റുമാരായി കുട്ടികളെ ദുരുപയോഗിക്കുന്ന കാഴ്ച അതിദയനീയമാണ്. ഒരു മതബോധന വിദ്യാർത്ഥിയെന്ന നിലയിൽ നാശം വിതയ്ക്കുന്ന ഈ ലഹരി ഉപയോഗത്തിനെതിരേ എന്തെല്ലാം നിങ്ങൾക്കു ചെയ്യാൻ കഴിയും? നിങ്ങളുടെ ബോധ്യങ്ങളും തീരുമാനങ്ങളും വിവരിക്കുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

01 - 11 - 2015 — മാർക്ക് – 50

10.30 am - 12.30 pm — **STD - VIII** — സമയം – 2 മണിക്കൂർ

ഉത്തരസൂചിക

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** 5

1. റോമാക്കാർക്കെഴുതിയ ലേഖനം 5/35
2. മാർത്തോമ്മാമാർഗം 4/33
3. നീ ക്രിസ്തുവാണ്. മാർക്കോസ് 8:29
4. വി. വിൻസെന്റ് ഡി പോൾ – വിശുദ്ധരെ അറിയാൻ – പേജ് 22
5. മാർ. ആന്റണി കരിയിൽ CMI – സത്യദീപം 2015 ആഗസ്റ്റ് 27-സെപ്തംബർ 2

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 5

6. പുറപ്പാട് – 2/20
7. വി. മർക്കോസ് 9
8. ബർതിമേയൂസ് -മർക്കോസ് 10:46
9. ജോൺ പോൾ 2-മൻ പാപ്പ – വിശുദ്ധരെ അറിയാൻ – പേജ് 14
10. സെപ്തംബർ 1 – സത്യദീപം 2015 ആഗസ്റ്റ് 13–19

**ദൈവവചനം എഴുതുക** 2½

11. മത്തായി. 5:16. ''മനുഷ്യർ...... – 8/53
12. എഫേസോസ് 1.:4. ''തന്റെ മുമ്പാകെ....... 1/14

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** 5

13. 3/24.
14. 9/56, 58
15. ശരിയോ തെറ്റോ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
    a. ശരി. 6/42
    b. ശരി. 6/41
    c. തെറ്റ്. ഈശോ നിത്യരക്ഷ സാധിച്ചത് കോലാടുകളുടേയോ കാളക്കിടാങ്ങളുടേയോ രക്തത്തിലൂടെയല്ല, സ്വന്തം രക്തത്തിലൂടെയാണ് (ഹെബ്രാ. 9:12) 6/40
    d. തെറ്റ്. ശുശ്രൂഷാപരമായ പൗരോഹിത്യമുള്ള ആൾ സഭാസമൂഹത്തെ ശുശ്രൂഷിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. 6/42
    e. തെറ്റ്. ഇസ്രായേൽ ജനത്തിന്റെ വിശുദ്ധീകരണത്തിനായി ബലിയർപ്പിക്കുവാൻ ദൈവം അഹറോനെയും അവന്റെ പുത്രന്മാരെയും തെരഞ്ഞെടുത്തു. 6/39

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** 2½

16. ഓരോ വിശുദ്ധരുടേയും ജീവിതവുമായി ബന്ധപ്പെട്ടവ തെരഞ്ഞെടുത്ത് ബോർഡിൽ എഴുതുക.

| BOARD | |
|---|---|
| **വി മാക്സിമില്യൻ കോൾബെ** | |
| 1 | 1894 ജനുവരി – 8 പേജ് 15 |
| 2 | പോൾ 6-മൻ പാപ്പ – പേജ് 14 |
| 3 | ദി ലിറ്റിൽ ഡെയ്‌ലി – പേജ് 11 |
| 4 | പോളണ്ട് – പേജ് 5 |
| 5 | പബിയാനിസ് – പേജ് 6 |

| BOARD | |
|---|---|
| **വി. വിൻസന്റ് ഡി പോൾ** | |
| 1 | ഫ്രാൻസ് – പേജ് 16 |
| 2 | സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി – പേജ് 21 |
| 3 | വാ. ഫെഡറിക് ഓസാനം – പേജ് 16 |
| 4 | വി. ഫ്രാൻസിസ് സാലസ് – പേജ് 20 |
| 5 | മിഷൻ സഭ – പേജ് 22 |

17. വിശുദ്ധരെ അറിയാൻ പേജ് 15 – പേജ് 25

**നമസ്കാരങ്ങൾ** 5

18. നമസ്കാരങ്ങൾ – പേജ് 13
19. നമസ്കാരങ്ങൾ – പേജ് 8,9

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** 5

20. 7/44–48
21. 4/28–32

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക** 5

22. പൊതുചോദ്യം
23. ഇന്റേണൽ അസ്സെസ്സ്മെന്റ് 15

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 32 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 32 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**2 - 11 - 2014** — **മാർക്ക് – 50**

**10.30 am - 12.30 pm** — **STD - VIII** — **സമയം – 2 മണിക്കൂർ**

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള ചോദ്യവിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5**

1. മിശിഹായുടെ ശരീരമാകുന്ന സഭയുടെ അടിസ്ഥാന സ്വഭാവം എന്താണ്?
2. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരം?
3. സ്വർഗത്തിൽനിന്നും ഒരു അടയാളം യേശുവിനോട് ആവശ്യപ്പെട്ടതാരാണ്?
4. വി. മാക്സിമില്യൻ കോൾബെയുടെ മാമ്മോദീസായുടെ സമയത്ത് അദ്ദേഹത്തിന് നൽകിയ പേര് എന്താണ്?
5. 51-ാമത് അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസിന് വേദിയാകുന്ന രാജ്യം?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

6. ''പരിശുദ്ധാത്മാവ് ഒരാലയത്തിലെന്നപോലെ തിരുസഭയിലും വിശ്വാസികളുടെ ഹൃദയത്തിലും വസിക്കുന്നു'' എന്ന് ആര് പഠിപ്പിക്കുന്നു?
   (വി. പൗലോസ് ശ്ലീഹാ, ഈശോ, രണ്ടാം വത്തിക്കാൻ കൗൺസിൽ)
7. ''അതിനാൽ, ഞാൻ പറയുന്നു: പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും.'' ആര്, ആരോട് പറഞ്ഞു?
   (യേശു ഫരിസേയരോട്, യേശു ജനങ്ങളോട്, യേശു ശിഷ്യന്മാരോട്)
8. രൂപാന്തരീകരണസമയത്ത് യേശുവിന്റെ കൂടെയുണ്ടായിരുന്ന ശിഷ്യന്മാർ ആരെല്ലാം?
   (പത്രോസ്-പൗലോസ്-മത്തായി, പത്രോസ്-ബർത്തലോമിയ-യാക്കോബ്, പത്രോസ്-യാക്കോബ്-യോഹന്നാൻ)
9. ലോകമെമ്പാടുമുള്ള പരസ്നേഹപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ ആരാണ്?
   (വി. അന്തോണീസ്, വി. മാക്സിമില്യൻ കോൾബെ, വി. വിൻസെന്റ് ഡി പോൾ)
10. ജൂൺ മാസം പ്രത്യേകമായി സമർപ്പിക്കപ്പെട്ടിരിക്കുന്നത്?
    (ഈശോയുടെ തിരുനാമത്തിന്, ഈശോയുടെ തിരുഹൃദയത്തിന്, ഈശോയുടെ തിരുരക്തത്തിന്)

**ദൈവവചനം എഴുതുക** **2 ½**

11. എഫേ – 1:4 ''തന്റെ മുമ്പാകെ ..........

12. 1 കോറി – 12:27 ''നിങ്ങൾ ..........

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

13. ഫറവോയുടെ അടിമത്തത്തിൽനിന്നും ഇസ്രായേൽ ജനം വിമോചിതരായ സംഭവം ക്രമത്തിൽ എഴുതുക:-

- ⏭ ഫറവോ മോശയിലൂടെ ദൈവം കല്പിച്ചത് ചെവിക്കൊണ്ടില്ല.
- ⏭ ഈജിപ്തുകാരുടെ ആദ്യജാതരെയെല്ലാം ദൈവം സംഹരിച്ചു,
- ⏭ എന്നാൽ ഇസ്രായേൽ ഭവനങ്ങളെ ദൈവം സംരക്ഷിച്ചു.
- ⏭ മോശയെയും അഹറോനെയും ദൈവം അയയ്ക്കുന്നു.
- ⏭ ഒന്നിനു പുറമേ ഒന്നായി ദൈവം ഒൻപത് ബാധകളെ ഈജിപ്തുകാരുടെ മേൽ അയയ്ക്കുന്നു.

14. ആരാണ് പ്രവാചകൻ? 'സഭ: പ്രവാചക ജനം' എന്ന പാഠത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രവാചകന്മാരുടെ പേരുകൾ എഴുതി ഫ്ളോചാർട്ട് പൂർത്തിയാക്കുക.

**പ്രവാചകന്മാർ**

| ഏശയ്യ | .................. | .................. | .................. | .................. |
|---|---|---|---|---|

15. ക്രൈസ്തവർ തന്റെ രാജകീയ പൗരോഹിത്യശുശ്രൂഷ നിർവഹിക്കേണ്ടത് എങ്ങിനെ? സഭ പഠിപ്പിക്കുന്ന കാര്യങ്ങൾ തിരഞ്ഞെടുത്ത് എഴുതുക.

- പരിശുദ്ധ കുർബാന എന്ന ബലിയർപ്പിക്കുകയും ജനം മുഴുവന്റേയും പേരിൽ ആ ബലി ദൈവത്തിനു സമർപ്പിക്കുകയും ചെയ്യുന്നു.
- തന്റെ എല്ലാ പ്രവൃത്തികളും വഴി ആത്മീയബലി അർപ്പിക്കുക.
- മറ്റുള്ളവർക്കുവേണ്ടി സ്വയം സമർപ്പിക്കുക.
- അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്ക് വിളിച്ച അവിടുത്തെ സത്യത്തെ പ്രകീർത്തിക്കുക
- എപ്പോഴും പ്രാർത്ഥനയിലായിരിക്കുക.
- പ്രാർത്ഥനകളിലും ദൈവസ്തുതികളിലും മുഴുകി വിശുദ്ധവും ദൈവത്തിന് പ്രീതികരവും സജീവവുമായ ബലിവസ്തുക്കളായി ദൈവത്തിനു സ്വയം സമർപ്പിക്കുന്നു

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2 ½**

16.



ഈ ചിത്രം കണ്ടില്ലേ? ഈ വിശുദ്ധനെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ മരണത്തിനിടയാക്കിയ സംഭവം വിവരിക്കുക.

17. വി. മാക്സ്മില്യൻ കോൾബെ, വി. വിൻസെന്റ് ഡി പോൾ ഇവരുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബോക്സിൽനിന്നും എടുത്തെഴുതുക.

മാക്സ്മില്യൻ കോൾബെ
..................
..................
..................

- ജനുവരി 8 – ജനനം
- 1729 ജൂലൈ 14 – വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപനം
- തിരുനാൾ ദിനം – സെപ്തംബർ 27
- തിരുനാൾ ദിനം – ആഗസ്റ്റ് 14
- 1736 ജൂൺ 6 – വിശുദ്ധനായി പ്രഖ്യാപനം.
- 1982 ഒക്ടോബർ 10 – വിശുദ്ധനായി പ്രഖ്യാപനം.

വിൻസെന്റ് ഡി പോൾ
..................
..................
..................

**നമസ്ക്കാരങ്ങൾ**

18. സത്യസഭയുടെ പ്രധാന ലക്ഷണങ്ങൾ ഏവ? **2**

19. ദൈവത്തിന്റെ ലക്ഷണങ്ങൾ ഏവ? **3**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

20. ലോകത്തിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാനുള്ള ദൗത്യമാണ് അവിടുന്ന് സഭയെ ഭരമേൽപിച്ചത്. അതിനാൽ സഭ സ്വഭാവത്താലേ പ്രേഷിതയാണ് – സഭ ഈ പ്രേഷിത ദൗത്യം ഏതൊക്കെ വിധത്തിലാണ് നിർവഹിക്കുന്നതെന്ന് വിവരിക്കുക.

21. ''വിശ്വാസം ദൈവത്തിന്റെ വിളിക്കുള്ള പ്രത്യുത്തരം'' – 'സഭ: വിശ്വാസികളുടെ സമൂഹം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (പൊതുചോദ്യം)** **5**

22. ഒരുമയാണ് കുടുംബത്തിന്റെ സൗന്ദര്യം; വിശ്വസ്തതയാണ് സുരക്ഷ; സ്നേഹമാണ് സന്തോഷം; സേവന മാണ് നിയമം. നമ്മുടെ വീട് ദൈവം വസിക്കുന്നതാകാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിവരിച്ച് എഴുതുക.

**23. ഇന്റേണൽ അസ്സെസ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്) ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

2 - 11 - 2014 | മാർക്ക് – 50

10.30 am - 12.30 pm | **STD - VIII** | സമയം – 2 മണിക്കൂർ

**ഉത്തരസൂചിക**

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതി യാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. പങ്കുവയ്ക്കൽ – 7/47
2. വിശ്വാസം – 3/23
3. ഫരിസേയർ – (മർക്കോസ് 8:11)
4. റെയ്മണ്ട് – വിശുദ്ധരെ അറിയാൻ – 1/6
5. ഫിലിപ്പീൻസ് – സത്യദീപം ജൂൺ 26–ജൂലൈ 2/2014

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

6. രണ്ടാം വത്തിക്കാൻ കൗൺസിൽ 4/31
7. യേശു ശിഷ്യന്മാരോട് – (മർക്കോസ് 11:24)
8. പത്രോസ് - യാക്കോബ് - യോഹന്നാൻ (മർക്കോസ് 9:2)
9. വി. വിൻസെന്റ് ഡി പോൾ – വിശുദ്ധരെ അറിയാൻ 2/16
10. ഈശോയുടെ തിരുഹൃദയത്തിന് – സത്യദീപം ജൂൺ 19–25/2014

**ദൈവവചനം എഴുതുക** **2 ½**

11. എഫേസോസ് 1:4 ‘‘തന്റെ മുമ്പാകെ........... 1/14
12. 1 കോറിന്തോസ് 12:27 ‘‘നിങ്ങൾ......... 5/37

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

13. 2/16,17
14. 8/51
15. 6/41

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2 ½**

16. വിശുദ്ധരെ അറിയാൻ 1/13–14
17. വിശുദ്ധ മാക്സിമില്യൻ കോൾബെ 1/15, വി. വിൻസെന്റ് ഡി പോൾ 2/25

**നമസ്ക്കാരങ്ങൾ**

18. നമസ്ക്കാരങ്ങൾ 21/14 **2**
19. നമസ്ക്കാരങ്ങൾ 29/16 **3**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

20. 9/55-59
21. 3/23-26

**പൊതുചോദ്യം - രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.** **5**

22. പൊതുചോദ്യം

**23. ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റു മാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 28 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡ ങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 28 കാണുക) അധ്യാപ കർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**10 - 11 - 2013** — **മാർക്ക് – 50**

**10.30 am - 12.30 pm** — **സമയം – 2 മണിക്കൂർ**

## STD - VIII

*__നിർദ്ദേശങ്ങൾ:__ ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ പാപമോചനവും ദൈവിക ജീവനും നൽകി രക്ഷയുടെ അനുഭവത്തിലേക്ക് നമ്മെ നയിക്കുന്നതെന്ത്?
2. ലോകമെമ്പാടുമുള്ള പരസ്നേഹ പ്രവർത്തനങ്ങളുടെ മധ്യസ്ഥനായി അറിയപ്പെടുന്ന വിശുദ്ധനാര്?
3. 'ദാവീദിന്റെ പുത്രനായ യേശുവേ എന്നിൽ കനിയണമേ' എന്ന് ഉച്ചത്തിൽ വിളിച്ച് പറഞ്ഞതാര്?
4. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയുടെ ചരിത്രത്തിലെ എത്രാമത്തെ സാർവ്വത്രിക കൗൺസിലായിരുന്നു?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**


5. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമെന്ത്?
   (പ്രാർത്ഥന, വിശ്വാസം, വി.കുർബ്ബാന)
6. വിശുദ്ധ മാക്സിമില്യൻ കോൾബെയെ രക്തസാക്ഷിയായ വിശുദ്ധനായി പ്രഖ്യാപിച്ചതാര്?
   (പോൾ ആറാമൻ പാപ്പ, ജോൺ പോൾ രണ്ടാമൻ പാപ്പ, ബനഡിക്റ്റ് 16-ാമൻ പാപ്പ)
7. യേശുവിന്റെ രൂപാന്തരീകരണവേളയിൽ യേശുവിനോടൊപ്പം ഉണ്ടായിരുന്ന ശിഷ്യന്മാർ ആരെല്ലാം?
   (പത്രോസും യാക്കോബും യോഹന്നാനും, യാക്കോബും യോഹന്നാനും അന്ത്രയോസും, യാക്കോബും തോമസും യോഹന്നാനും)
8. വിശുദ്ധരാക്കപ്പെടുന്നതിനുള്ള നാമകരണ നടപടികളിൽ അവർ ആദ്യം പേർ വിളിക്കപ്പെടുന്നതെന്ത്?
   (വാഴ്ത്തപ്പെട്ടവൻ/ൾ, ധന്യൻ/ധന്യ, ദൈവദാസൻ/ദാസി)

**ചേരുംപടി ചേർത്തെഴുതുക** **2**

| | | |
|---|---|---|
| 9. എക്ലേസിയ | - | പത്രോസ് |
| 10. മെത്തനോയിയ | - | മോശയും ഏലിയായും |
| 11. രൂപാന്തരീകരണം | - | തിരിച്ചുവരവ് |
| 12. നീ ക്രിസ്തുവാണ് | - | കഹാൽ |
| | - | യാക്കോബ് |

**ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7½**

13. പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് നൽകുന്ന ഫലങ്ങൾ ഏവ? ശരിയായവ ബാസ്ക്കറ്റിൽ നിന്നും എടുത്തെഴുതുക.






14. മാർതോമാ ശ്ലീഹാ സ്ഥാപിച്ച പള്ളികളുടെ മാപ്പ് പൂർത്തിയാക്കുക




15. അല്മായർ തങ്ങളുടെ പ്രവാചക ദൗത്യം എങ്ങനെയാണ് നിറവേറ്റുന്നത്?

16. വിശ്വാസത്തിന്റെ അഞ്ചു ഘടകങ്ങൾ ഏവ?

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**

17. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ പുണ്യവചനവും സന്ദേശവും എഴുതുക.

18. പരസ്നേഹപ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെ വിവിധ ശുശ്രൂഷാ രംഗങ്ങളുടെ സൂചനകൾ താഴെ നൽകുന്നു. അവയെക്കുറിച്ച് നിങ്ങൾക്കറിയാവുന്നവ പൂരിപ്പിക്കുക.

ചാറ്റിലോണി ഇടവക...... രണ്ട് പ്രഭികൾ.....

വിൻസെന്റ് ആരംഭിച്ച പ്രസ്ഥാനം
1625 മാർച്ച് മാസത്തിൽ.........., 1652 ൽ..........



അഗതിശുശ്രൂഷ ചെയ്യാൻ മനസ്സുള്ള പെൺകുട്ടികൾക്കായി .........

ധാരാളം വൈദികരെ രൂപപ്പെടുത്താൻ..........

**നമസ്കാരങ്ങൾ** **5**

19. ദൈവത്തിന്റെ ലക്ഷണങ്ങൾ ഏവ?

20. സ്നേഹപ്രകരണങ്ങൾ എഴുതുക.

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **5**

21. ''ക്രിസ്തീയ പങ്കുവയ്ക്കൽ ഈശോയുടെ ജീവിതത്തിലും പ്രബോധനത്തിലും വേരൂന്നിയതാണ്.'' ആദിമ സഭയുടെ മാതൃകയും ഇന്ന് സഭാംഗങ്ങളായ നമ്മുടെ കടമകളും 'സഭ പങ്കുവയ്ക്കുന്നവരുടെ സമൂഹം' എന്ന പാഠത്തെ ആസ്പദമാക്കി വിശദമാക്കുക.

22. മാമ്മോദീസായിലൂടെ സഭയിൽ അംഗങ്ങളായിത്തീർന്ന എല്ലാവരും രാജകീയ പൗരോഹിത്യത്തിൽ പങ്കു ചേരുന്നു. 'സഭ: പുരോഹിത ജനം' എന്ന പാഠത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുക.

**പൊതുചോദ്യം (പ്രസംഗം തയ്യാറാക്കുക)** **5**

23. ഇന്റർനെറ്റ്, മൊബൈൽ ഫോൺ മുതലായ ആധുനിക മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ കുട്ടികളായ നിങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി ക്രിസ്തീയ കാഴ്ചപ്പാടിൽ ഒരു പ്രസംഗം തയ്യാറാക്കുക.

24. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബ്ബാനയിലെ പങ്കാളിത്തം (4 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (4 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനകളിലെ ഭാഗഭാഗിത്വം (2 മാർക്ക്), മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (2 മാർക്ക്) എന്നിവ കണക്കാക്കി അദ്ധ്യാപകൻ 15ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

10 - 11 - 2013 | മാർക്ക് – 50

10.30 am - 12.30 pm | **STD - VIII** | സമയം – 2 മണിക്കൂർ

**ഉത്തരസൂചിക**

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. കൂദാശകൾ — 2/20
2. വി. വിൻസെന്റ് ഡി പോൾ — വിശുദ്ധരെ അറിയാൻ, പേജ് 16
3. ബർതിമേയൂസ് — വി. മർക്കോസ് 10:47
4. 21-ാമത്തെ — സത്യദീപം, 2013 ജൂൺ 12

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

5. വിശ്വാസം — 3/23
6. ജോൺ പോൾ രണ്ടാമൻ — വിശുദ്ധരെ അറിയാൻ പേജ് 14
7. പത്രോസും, യാക്കോബും, യോഹന്നാനും — വി. മർക്കോസ് 9:2
8. ദൈവദാസൻ/ദാസി — സത്യദീപം, 2013 ആഗസ്റ്റ് 14

**ചേരുംപടി ചേർത്തെഴുതുക** **2**

9. എക്ലേസിയ - കഹാൽ (1/12)
10. തിരിച്ചുവരവ് - മെത്തനോയിയ (3/25)
11. രൂപാന്തരീകരണം - മോശയും ഏലിയായും (വി. മർക്കോസ് 9:5)
12. നീ ക്രിസ്തുവാണ് - പത്രോസ് (വി. മർക്കോസ് 8:30)

**ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7½**

13. 4/30 – 1. സ്നേഹം, 2. ആനന്ദം, 3. സമാധാനം, 4. ക്ഷമ, 5. ദയ, 6. നന്മ, 7. വിശ്വസ്തത, 8. സൗമ്യത 9. ആത്മസംയമനം, 10. സഹനശക്തി, 11. വിശുദ്ധി, 12. മിതത്വം
14. 9/57 – 1. പാലയൂർ, 2. കൊടുങ്ങല്ലൂർ, 3. കോട്ടക്കാവ്, 4. കോക്കമംഗലം, 5. നിരണം, 6. നിലയ്ക്കൽ (ചായൽ), 7. കൊല്ലം, 8. തിരുവാംകോട് (അരപ്പള്ളി)
15. 8/53
16. 3/24

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**

17. വിശുദ്ധരെ അറിയാൻ പേജ് 15
18. വിശുദ്ധരെ അറിയാൻ പേജ് 21-24

**നമസ്കാരങ്ങൾ** **5**

19. നമസ്കാരങ്ങൾ പേജ് 16
20. നമസ്കാരങ്ങൾ പേജ് 12

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

21. 7/44-48
22. 6/39-42
23. **പൊതുചോദ്യം (പ്രസംഗം തയ്യാറാക്കുക)** **5**

24. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

**35** മാർക്കിനുള്ള ചോദ്യങ്ങളും **15** മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അദ്ധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 8-12 കാണുക). പരീക്ഷയ്ക്ക് **35-ൽ** കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് **15-ൽ** കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി **35-ൽ 30ഉം 15-ൽ 8ഉം** കിട്ടിയ ഒരു കുട്ടിക്ക് $30+8 = \frac{38}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ **40-ഉം** അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (ആറുമാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 9 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011
സമയം: 2 മണിക്കൂർ

**STD VIII**
**PART - A**

മാർക്ക് : 50
10.30 am - 12.30 pm

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. പഴയ നിയമത്തിൽ കാണുന്ന കഹാൽ (ഹീബ്രു) അഥവാ എക്ലേസിയ (ഗ്രീക്ക്) എന്നീ വാക്കുകളുടെ അർത്ഥമെന്ത്?
2. സീറോ മലബാർ സഭയുടെ അമേരിക്കയിലുള്ള രൂപത ഏത്?
3. 'അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും.' (മത്താ 1:21) ആരോടാണ് ദൈവദൂതൻ ഇപ്രകാരം പറഞ്ഞത്?
4. പന്ത്രണ്ടു ഗോത്രങ്ങളുടെ പിതാവായിത്തീർന്ന യാക്കോബിന് ദൈവം നൽകിയ പേരെന്ത്?
5. പരിശുദ്ധാത്മാവിനാൽ നാം പ്രത്യേക വിധത്തിൽ അഭിഷിക്തരാകുന്ന കൂദാശ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. 'ദൈവം അരുളിചെയ്യുന്നു. അവസാന ദിവസങ്ങളിൽ എല്ലാ മനുഷ്യരുടേയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും.' ആരുടെ പ്രവചനം?
(ജോയേൽ, ഏശയ്യ, ജെറമിയ)
7. സഭാ കൂട്ടായ്മയിലേക്ക് ഒരാൾ പ്രവേശിക്കുന്നത് ഏതു കൂദാശയിലൂടെയാണ്?
(മാമ്മോദീസ, വിവാഹം, കുർബ്ബാന)
8. മിശിഹായുടെ ശരീരം?
(കൂദാശകൾ, ശിഷ്യസമൂഹം, തിരുസഭ)
9. 'ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്. അബ്രഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം.' ദൈവം ഇപ്രകാരം പറഞ്ഞതാരോട്?
(അഹറോൻ, മോശ, ജോസഫ്)
10. പുരോഹിതൻ?
(സാമുവൽ, സോളമൻ, അഹറോൻ)

**ദൈവചനം എഴുതുക. (ഏതെങ്കിലും ഒരെണ്ണം)** 1½

11. വി.മത്തായി 25:40 (.......... എനിക്കു തന്നെയാണ് ചെയ്തുതന്നത്)
12. 1 കോറി 12:27 (....... അവയവങ്ങളുമാണ്)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം പറയുക (ഏതെങ്കിലും മൂന്നെണ്ണം)** 4

13. സഭാമക്കളായ നമുക്കു നൽകപ്പെട്ടിരിക്കുന്ന ദാനങ്ങളും വരങ്ങളും എപ്രകാരമാണ് വിനിയോഗിക്കേണ്ടത്?
14. രക്ഷയും കൂദാശകളും തമ്മിലുള്ള ബന്ധമെന്ത്?

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** 7½

15. സുവിശേഷ പ്രഘോഷണം വിശ്വാസത്തിലേക്ക് നയിക്കുന്നു. വിശദമാക്കുക.
16. സഭാ സന്താനങ്ങൾ എന്ന നിലയിൽ സഭയുടെ പ്രേഷിത ദൗത്യത്തിൽ നമുക്ക് എങ്ങനെ പങ്കുചേരാം?
17. 'മിശിഹായുടെ പൗരോഹിത്യം' - വ്യക്തമാക്കുക
18. ആത്മാവിനാൽ നയിക്കപ്പെടാൻ നാം എന്തു ചെയ്യണം?

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 5

19. 'സഭ: പ്രവാചക ജനം' - പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

**PART - B**

20. 'വെള്ള പൂശിയ മതിലേ ദൈവം നിന്നെ പ്രഹരിക്കാനിരിക്കുന്നു.' ആരോടാണ് പൗലോസ് ശ്ലീഹ ഇതു പറഞ്ഞത്? 1
21. യഹൂദരുടെയും ഗ്രീക്കുകാരുടെയും ഇടയിൽ പൗലോസ് ശ്ലീഹ നൽകിയ സാക്ഷ്യമേത്? 1
22. പൗലോസ് ശ്ലീഹ ജറൂസലെമിൽ നേരിടേണ്ടിവരുന്ന വിപത്തുകളെപ്പറ്റി മുന്നറിയിപ്പു നൽകിയ പ്രവാചകൻ? 1
23. പൗലോസ് ശ്ലീഹ ജനിച്ച സ്ഥലം? 1
24. നമ്മുടെ അതിരൂപതയിലെ സഹായ മെത്രാന്മാർ ആരെല്ലാം? 1
25. 2011 ആഗസ്റ്റ് 15 മുതൽ 2012 ആഗസ്റ്റ് 15 വരെ സീറോ മലബാർ സഭ ആചരിക്കുന്നത്? 1
26. വി.മാക്സ്മില്യൻ കോൾബെയുടെ തിരുന്നാൾ ദിനം? 1
27. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകൻ? 1
28. വി.വിൻസെന്റ് ഡി പോളിന്റെ ജീവചരിത്രം നമുക്കു നൽകുന്ന സന്ദേശം? 1½
29. വി.മാക്സ്മില്യൻ കോൾബെയുടെ പുണ്യവചനം എഴുതുക? 1½
30. സത്യസഭയുടെ ലക്ഷണങ്ങൾ എഴുതുക. 2
31. കർത്തൃപ്രാർത്ഥന (സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....) എഴുതുക. 3
32. **രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** **6**
നാം ആഗ്രഹിക്കുന്നതെന്തോ അത് അപരന് ചെയ്താൽ നമ്മുടെ നാടും വീടുമൊക്കെ സ്വർഗ്ഗമാകും. മറ്റുള്ളവർക്ക് ക്രിസ്തു സാന്നിധ്യമാവാൻ നമുക്ക് ഏതെല്ലാം നന്മ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുക.

**33. ഇന്റേണൽ അസെസ്സ്മെന്റ്** 5

ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമൂഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തി അധ്യാപകൻ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011 മാർക്ക് : 50
സമയം: 2 മണിക്കൂർ 10.30 am - 12.30 pm

## STD VIII
### ഉത്തരസൂചിക

## PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹം 1/12
2. ഷിക്കാഗോ 9/59
3. വി.യൗസേപ്പിനോട് 2/19
4. ഇസ്രായേൽ 1/10
5. തൈലാഭിഷേക കൂദാശ 4/32

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. ജോയേൽ പ്രവാചകൻ 4/29
7. മാമ്മോദീസ 3/26
8. തിരുസഭ 5/35
9. മോശ 1/11
10. അഹറോൻ 6/39

**ദൈവചനം എഴുതുക (ഏതെങ്കിലും ഒരെണ്ണം)** 1½

11. 7/48
12. 5/37

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** 4

13. 5/36
14. 2/20

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** 7½

15. 3/24
16. 9/59
17. 6/41
18. 4/31

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** 5

19. 8/50 - 53

## PART - B

20. പ്രധാന പുരോഹിതനായ അനനിയോസിനോട് (അപ്പ 23:3) 1
21. ദൈവത്തിലേക്കുള്ള മനഃപരിവർത്തനത്തെക്കുറിച്ചും യേശുവിലുള്ള വിശ്വാസത്തെക്കുറിച്ചും (അപ്പ 20 - 21) 1
22. അഗാബേസ് (അപ്പ 21:10) 1
23. കിലിക്യായിലെ താർസോസിൽ (അപ്പ. 22:3) 1
24. മാർ തോമസ് ചക്യാത്ത്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് 1
25. പ്രേഷിത വർഷം 1
26. ആഗസ്റ്റ് 14 (വിശുദ്ധരെ അറിയാൻ പേജ് 15) 1
27. വാ.ഫ്രെഡറിക് ഓസാനാം (വിശുദ്ധരെ അറിയാൻ പേജ് 16) 1
28. വിശുദ്ധരെ അറിയാൻ പേജ് 25 1½
29. വിശുദ്ധരെ അറിയാൻ പേജ് 15 1½
30. നമസ്കാരങ്ങൾ 2
31. നമസ്കാരങ്ങൾ 3
32. **രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** 6
    പൊതുചോദ്യം
33. **ഇന്റേണൽ അസെസ്സ്മെന്റ് (വചനദീപം പേജ് 50 കാണുക)** 5
    ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമൂഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തിയശേഷം വികാരിയച്ചന്റെ അംഗീകാരത്തോടുകൂടി അധ്യാപകൻ മാർക്ക് നൽകേണ്ടതാണ്. മാർക്കിടേണ്ട മാനദണ്ഡം
    Excellent-5, Very good 4-5, Good 3-4, Average 2-3, Below Average 1-2